08/11/2025

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas


Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 08/11/2025

1. നേമത്തെ ഐഒടി ( ഇന്റർനെറ്റ് ഓഫ് തിങ്സ് ) അധിഷ്ഠിതമായ ബ്ലോക്ക് പഞ്ചായത്തായി മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പ്രഖ്യാപിച്ചു. വികസന പദ്ധതികൾക്കായി ഇന്റർനെറ്റുമായി ബന്ധിപ്പിച്ചിരിക്കുന്ന ഉപകരണങ്ങൾ മുഖേന വിവര ശേഖരണവും വിതരണവും നടത്തുന്നതാണ് ഐഒടി. പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന, പ്ലാൻ ഫണ്ട്, സി എ സ് ആർ ഫണ്ട് എന്നിവയുടെ സഹായത്തോടെ 59.82 ലക്ഷം രൂപ വിനിയോഗിച്ചാണ് പൂർത്തീകരിച്ചത്. ഇന്ത്യയിൽ നിർമിച്ച ഉപകരണങ്ങളാണ് ഉപയോഗിക്കുന്നത്. ഇതിലൂടെ കാർഷികം, ജലസംരക്ഷണം, കാലാവസ്ഥ, പരിസ്ഥിതി തുടങ്ങിയ മേഖലകളിലെ ആധുനിക സാങ്കേതികവിദ്യ നടപ്പാക്കാനാകും.

2. വെറ്ററിനറി ഡോക്ടർമാരുടെ പ്രഫഷനൽ സംഘടനയായ ഇന്ത്യൻ വെറ്ററിനറി അസോസിയേഷൻ കേരള സംസ്ഥാനത്തെ മികച്ച മാതൃകാ ക്ഷീരകർഷകനെയും ചെറുകിട മാതൃകാ ക്ഷീരസംരംഭകനെയും അവാർഡ് നൽകി ആദരിക്കുന്നു. കിടാരികളും പശുക്കളും ഉൾപ്പെടെ 10 വരെ എണ്ണം പശുക്കളെ വളർത്തുന്ന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ക്ഷീരകർഷകനെയും 11 മുതൽ 50 വരെ പശുക്കളെ വളർത്തുന്ന ക്ഷീരസംരംഭകനെയുമാണ് സംസ്ഥാന തലത്തിൽ തിരഞ്ഞെടുക്കുന്നത്. അവാർഡിനായുള്ള അപേക്ഷാ ഫോറവും നിയമാവലിയും www.ivakerala.com ൽ നിന്നോ 9447443167, 9895213500, 9495187522 എന്നീ വാട്സ്ആപ്പ് നമ്പറുകളിൽ ബന്ധപ്പെട്ടുകയോ ചെയ്യുക. പൂരിപ്പിച്ച അപേക്ഷകൾ സ്ഥലം വെറ്ററിനറി ഡോക്ടറുടെയോ അല്ലെങ്കിൽ ഫാമിന് ഉപദേശ നിർദേശങ്ങൾ നൽകുന്ന വെറ്ററിനറി ഡോക്ടറുടെയോ ശിപാർശയോടെ അയച്ച നൽകണം. ഇ-മെയിൽ: ivaaward@gmail.com. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി നവംബർ10 വരെ. 25,000 രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം.

3. ക്ഷീരവികസനവകുപ്പിന്റെയും, സാമ്പത്തിക സ്ഥിതിവിവര ക്കണക്ക് വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ മിൽമ, കേരള ഫീഡ്സ്, ക്ഷീരസഹകരണ സംഘങ്ങൾ എന്നിവയുടെ സഹകരണത്തോടെ ക്ഷീരമേഖലയിലെ എല്ലാ സ്റ്റേക്ക് ഹോൾഡർമാർക്കും ഭാവി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സഹായകരമാകുന്ന രീതിയിൽ **"സംസ്ഥാന ക്ഷീരമേഖല-സമഗ്ര സർവേ 2025-26"** എന്ന പേരിൽ ഒരു സാമ്പിൾ സർവേ നടത്തുകയാണ്. കേരളത്തിലുടനീളമുള്ള ക്ഷീരകർഷകരുടെ പശു പരിപാലനരീതികൾ, പാലുൽപ്പാദനം സംബന്ധിച്ച വിവരങ്ങൾ, ഉപയോഗിക്കുന്ന കാലിത്തീറ്റയുടെ കണക്ക്, പാലിന്റെ ഉപഭോഗം, വിപണനം, തീറ്റപ്പുൽകൃഷിക്കായി ഉപയോഗിക്കുന്ന ഭൂമിയുടെ വിസ്തൃതി, തീറ്റപ്പുല്ലിന്റെ ലഭ്യത എന്നിവ ഉൾപ്പെടുത്തി സമഗ്രമായ വിവരശേഖരണം സർവേ 2025 നവംബർ 1 ന് ആരംഭിച്ചു. 2025 നവംബർ 10 മുതൽ ഡിസംബർ 10 വരെയാണ് സർവേയുടെ സമയപരിധി. ശാസ്ത്രീയമായി തെരഞ്ഞെടുക്കപ്പെട്ട 756 വാർഡുകളാണ് വിവരശേഖരണത്തിനായി തെരഞ്ഞടുത്തിരിക്കുന്നത്. ക്ഷീര വികസന വകുപ്പുമായി ബന്ധപ്പെട്ട ഡയറി പ്രൊമോട്ടർമാർ, വുമൺ ക്യാറ്റിൽ കെയർ വർക്കർമാർ, സംഘം പ്രതിനിധികൾ എന്നിവരടങ്ങുന്ന 378 പേരെയാണ് എന്യൂമറേറ്റർമാരായി തെരഞ്ഞെടുത്തിട്ടുള്ളത്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ 18.11.2025 ന് **"ശുദ്ധജലമത്സ്യകൃഷി"** എന്ന വിഷയത്തിൽ ഏകദിന പരിശീലനം സംഘടിപ്പിക്കുന്നു. പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ താഴെ പറയുന്ന ഫോൺ നമ്പറുകളിൽ ഓഫീസ് സമയങ്ങളിൽ 17.11.2025 ന് മുമ്പായി ബന്ധപ്പെടുക. ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ – 0487– –2370773, 8547070773

5. ക്ഷീരവികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 നവംബർ 12, 13 തീയതികളിൽ ക്ഷീര സഹകരണ സംഘം **"ഭരണ സമതി അംഗങ്ങൾക്കുള്ള പരിശീലനം"** എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/– രൂപ. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2025 നവംബർ 11ന് വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം :

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

0471 – 2440911. മേൽവിലാസം ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ്, പട്ടം പാലസ്. പി.ഒ., തിരുവനന്തപുരം 695004. ഇമെയിൽ principaldtctvm@gmail.com

6. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ **"ഇറച്ചിക്കോഴി വളർത്തൽ "** എന്ന വിഷയത്തിൽ 13/11/2025 ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. സൗജന്യ പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491– 2815454 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി സമയത്ത് വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ പകർപ്പ് കൊണ്ടുവരേണ്ടതുമാണ്.

7. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ലാറ്റക്സ് ഹാർവെസ്റ്റ് ടെക്നോളജി ഡിവിഷനിൽ ജൂനിയർ റിസേർച്ച് ഫെല്ലോ, പ്രൊജകട് അസിസ്റ്റന്റ് എന്നീ താത്കാലിക തസ്തികകളിലേക്ക് അർഹരായവരെ തെരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ചിരുന്ന എഴുത്തുപരീക്ഷയും അഭിമുഖവും 2025 നവംബർ 18-ന് രാവിലെ 9.30 -ലേക്ക് മാറ്റിവെച്ചിരിക്കുന്നു. കൂടുതൽ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിവരങ്ങൾക്ക് റബ്ബർബോർഡിന്റെ വെബ്സൈറ്റ് (www.rubberboard.gov.in) സന്ദർശിക്കുക.

**കാർഷിക നിർദേശം**

തെങ്ങിന്റെ മണ്ഡരി ബാധ കണ്ടുതുടങ്ങുന്ന സമയമാണ്. പ്രതിവിധിയായി 1% വേപ്പിൻസത്തടങ്ങിയ കീടനാശിനികൾ 4 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കി ഇളം കുലകളിൽ തളിക്കുക. വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം സോപ്പുമായി ചേർത്ത് ലായനിയാക്കി തളിക്കാവുന്നതുമാണ്. 20 മില്ലി വേപ്പെണ്ണ, 20 ഗ്രാം വെളുത്തുള്ളിയുടെ നീര്, 5 ഗ്രാം സോപ്പ് എന്നിവ ഒരു ലിറ്റർ വെള്ളത്തിൽ എന്നതാണ് അളവ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം